**പതിനഞ്ചാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2147** **03-03-2025-ൽ മറുപടിയ്ക്ക്**

**ആശാവർക്കർമാർ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. ടി. സിദ്ദീഖ്

ശ്രീ. ടി. സിദ്ദീഖ്

**മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് എത്ര ആശാവർക്കർമാർ പ്രവർത്തിക്കുന്നുണ്ട്; ഇവരുടെ സേവന വേതന വ്യവസ്ഥകൾ എന്തൊക്കെയാണെന്നറിയിക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

**മറുപടി:** സംസ്ഥാനത്ത് 26125 ആശമാർ പ്രവർത്തിക്കുന്നുണ്ട്. നിലവിൽ ആശമാർക്ക് സംസ്ഥാന സർക്കാർ നൽകുന്ന പ്രതിമാസ ഹോണറേറിയമായ 9000/- രൂപയും, കേന്ദ്രവും സംസ്ഥാനവും 60:40 അനുപാതത്തിൽ നൽകുന്ന 3000 രൂപ ഫിക്സഡ് ഇൻസെന്റീവും വിവിധ പദ്ധതികളിൽ നിന്നും ലഭിക്കുന്ന ഇൻസെന്റീവുകളുമാണ് നൽകി വരുന്നത്.

**(ബി)** ആശാവർക്കർമാരുടെ വിരമിക്കൽ പ്രായം നിശ്ചയിച്ചിട്ടുണ്ടോ; എന്തൊക്കെ വിരമിക്കൽ ആനുകൂല്യങ്ങളാണ് ഇവർക്ക് ഏർപ്പെടുത്തിയിട്ടുള്ളത് എന്നറിയിക്കുമോ; വിശദാംശം വ്യക്തമാക്കുമോ;

**മറുപടി:** സേവനത്തിൽ നിന്നും വിടുതൽ ചെയ്യുന്ന പ്രായം നിലവിൽ നിജപ്പെടുത്തിയിട്ടില്ല.

**(സി)** ആശാവർക്കർമാരുടെ വേതനം വർദ്ധിപ്പിക്കുന്നതിനും വിരമിക്കൽ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**മറുപടി:** ആശമാരുടെ ഹോണറേറിയം കാലാകാലങ്ങളിൽ പരിഷ്കരിച്ച് കൊണ്ടിരിക്കുകയാണ്. അവസാനമായി 2026 ഏപ്രിലിൽ ആശമാരുടെ ഹോണറേറിയത്തിൽ 1000 രൂപയുടെ വർദ്ധനവ് വരുത്തി പ്രതിമാസം 9000 രൂപയാക്കിയിട്ടുണ്ട്. Incentives 60:40 (കേന്ദ്ര : സംസ്ഥാന) അനുപാതത്തിലാണ് നൽകുന്നത്. ഇത് കേന്ദ്രമാണ് നിശ്ചയിക്കുന്നത്. ഇതിൽ വർദ്ധനവ് ഉണ്ടായിട്ടില്ല.

**സെക്ഷൻ ഓഫീസർ**